**പതിമൂന്നാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 954

10.02.2016-ലെ മറുപടിക്ക്

ഗാന്ധിഗ്രാമം പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ. പി.സി വിഷ്ണുനാഥ്<br>ശ്രീ.ലൂഡി ലൂയിസ്** | | **ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഗാന്ധിഗ്രാമം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) | നടപ്പിലാക്കി വരുന്നു. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (ബി) | ഗാന്ധിഗ്രാമം പദ്ധതിയിലൂടെ തെരഞ്ഞെടുത്ത കോളനികളുടെ സമഗ്ര വികസനമാണ് ഉദ്ദേശിക്കുന്നത്. പ്രധാനപ്പെട്ട ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>1. കോളനിയിലേയ്ക്കുള്ള റോഡ് / നടപ്പാത നിർമ്മാണം<br>2. ഡ്രെയിനേജ് സൗകര്യങ്ങൾ<br>3. കുടിവെള്ള പദ്ധതികൾ<br>4. വൈദ്യുതീകരണം<br>5. ബയോഗ്യാസ് പ്ലാന്റ്<br>6. കമ്മ്യൂണിറ്റി ഹാൾ / ആഡിറ്റോറിയം<br>7. കോമ്പൗണ്ട് വാൾ നിർമ്മാണം |
| (സി) | പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | | ഗാന്ധിഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്ത കോളനികളിൽ പരമാവധി ഒരു കോടി രൂപ ചെലവഴിച്ച് വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകുകയും വിവിധ സർക്കാർ അക്രഡിറ്റഡ് ഏജൻസികൾ പ്രസ്തുത പ്രവർത്തികൾക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റ് പരിഗണിച്ച് എസ്റ്റിമേറ്റ് തുകയുടെ 25% തുക (ആകെ 289.68 ലക്ഷം രൂപ) 2014-15 സാമ്പത്തിക വർഷം തന്നെ ഏജൻസികൾക്ക് വിതരണം നടത്തിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ